www.snbssamajam.in

Phone : 2820666

# S.N.B.S. SAMAJAM

**IRINJALAKUDA**

Reg. No. 5/1103

## ശ്രീനാരായണ ഭക്ത സമുദായോദ്ധാരണി സമാജം

ഇരിങ്ങാലക്കുട



........2016........

## ....88 – ാംവാർഷിക പൊതുയോഗനോട്ടീസ്....

# എസ്. എൻ. ബി. എസ്. സമാജം (രജി.)ഇരിങ്ങാലക്കുട

(ശ്രീനാരായണ ഭക്ത സമുദായോദ്ധാരണി സമാജം)

# 88-ാം വാർഷിക പൊതുയോഗ നോട്ടീസ്

മാന്യ ശ്രീനാരായണീയരെ,

എസ്. എൻ. ബി. എസ്. സമാജത്തിന്റെ 88-ാം വാർഷിക പൊതുയോഗം 2016 ജൂലൈ 3-ാം തിയ്യതി ഞായറാഴ്ച രാവിലെ 10 മണിക്ക് ശ്രീനാരായണ ഹാളിൽ വെച്ച് പ്രസിഡണ്ട് **ശ്രീ. വിജയൻ എളയേടത്ത്** അവർകളുടെ അദ്ധ്യക്ഷതയിൽ അന്യത്ര ചേർത്തിരിക്കുന്ന കാര്യപരിപാടിയനുസരിച്ച് നടത്തുവാൻ നിശ്ചയിച്ചിരിക്കുകയാണ്. യോഗത്തിൽ താങ്കളുടെ മഹനീയ സാന്നിദ്ധ്യം സാദരം ക്ഷണിച്ചുകൊള്ളുന്നു.

എന്ന്,

ഇരിങ്ങാലക്കുട
05.06.2016

(ഒപ്പ്)
**എം. കെ. വിശ്വംഭരൻ, മുക്കുളം**
(സെക്രട്ടറി)

**ഭരണസമിതി അംഗങ്ങൾ**

| | | |
|---|---|---|
| 1. | **ശ്രീ. വിജയൻ എളയേടത്ത്** | പ്രസിഡണ്ട് |
| 2. | **ശ്രീ. കെ.കെ. സുരേഷ് ബാബു** | വൈസ് പ്രസിഡണ്ട് |
| 3. | **ശ്രീ. എം.കെ. വിശ്വംഭരൻ** | സെക്രട്ടറി |
| 4. | **ശ്രീ. ബിജു മുണ്ടോലി** | ജോ. സെക്രട്ടറി |
| 5. | **ശ്രീ. കെ.സി.മോഹൻലാൽ** | ട്രഷറർ |
| 6. | **ശ്രീ. മോഹനൻ മഠത്തിക്കര** | കമ്മിറ്റി മെമ്പർ |
| 7. | **ശ്രീ. സത്യൻ തറയിൽ** | കമ്മിറ്റി മെമ്പർ |
| 8. | **ശ്രീ. പ്രദീപ് എളന്തോളി** | കമ്മിറ്റി മെമ്പർ |
| 9. | **ശ്രീ. കെ.ആർ.രാമദാസ്** | കമ്മിറ്റി മെമ്പർ |
| 10. | **ശ്രീ. രവികുമാർ മഠത്തിക്കര** | കമ്മിറ്റി മെമ്പർ |
| 11. | **ശ്രീ. വി.വി.കൃഷ്ണകുമാർ** | കമ്മിറ്റി മെമ്പർ |
| 12. | **ശ്രീ. പ്രദീപ് ചോളിപറമ്പിൽ** | കമ്മിറ്റി മെമ്പർ |
| 13. | **ശ്രീ. സിബിൻ കൂനാക്കംപിള്ളി** | കമ്മിറ്റി മെമ്പർ |
| 14. | **ശ്രീ. വിജു കൊറ്റിക്കൽ** | കമ്മിറ്റി മെമ്പർ |
| 15. | **ശ്രീ. രാജേഷ് കോട്ടപ്പുറം** | കമ്മിറ്റി മെമ്പർ |

ഇന്റേണൽ ഓഡിറ്റേഴ്സ്

**ശ്രീ.ടി.ജി. ഹരി & വി.ബി. ബാലു**

ലീഗൽ അഡ്വൈസർ

**അഡ്വ. എൻ.കെ.പ്രമോദ്**

ഓഡിറ്റർ

**ഉണ്ണികൃഷ്ണൻ & കമ്പനി, ചാർട്ടേഡ് എക്കൗണ്ടന്റ്, ഇരിങ്ങാലക്കുട.**

# 2016 ജൂലായ് മാസം 3-ാം തിയ്യതിയിലെ
# വാർഷിക പൊതുയോഗത്തിന്റെ കാര്യപരിപാടി

1. പ്രാർത്ഥന
2. സ്വാഗതം
3. അനുശോചന പ്രമേയം
4. 2015 ജൂലായ് 19-ാം തിയ്യതി ചേർന്ന വാർഷിക പൊതുയോഗത്തിന്റെ മിനിറ്റ്സ് വായിച്ച് റിക്കാഡാക്കുക
5. അദ്ധ്യക്ഷ പ്രസംഗം
6. 2015-2016 വർഷത്തെ പ്രവർത്തനറിപ്പോർട്ട് വായിച്ച് അംഗീകരിക്കുക
7. 2015-2016 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടും കണക്കുകളും വായിച്ച് അംഗീകരിക്കുക
8. 2015-2016 വർഷത്തെ സപ്ലിമെന്ററി ബഡ്ജറ്റ് അംഗീകരിക്കുക
9. 2016-2017 വർഷത്തെ ബഡ്ജറ്റുകൾ വായിച്ച് പാസാക്കുക
10. പ്രമേയങ്ങളും ചോദ്യങ്ങളും
11. 2016-2017 വർഷത്തേക്കുള്ള ഓഡിറ്റർമാരെ തിരഞ്ഞെടുക്കുക
12. കമ്മിറ്റി ഹാജരാക്കുന്ന മറ്റുകാര്യങ്ങൾ
13. ഉപസംഹാരം
14. കൃതജ്ഞത

NB 1) ഫോട്ടോ പതിച്ച സമാജം ഐഡന്റിറ്റി കാർഡ് കൊടുത്തുവരുന്നുണ്ട് മെമ്പർമാർ രണ്ടു പാസ്പോർട്ട് സൈസ് ഫോട്ടോയുമായി ഓഫീസിൽ വന്ന് ഐഡന്റിറ്റി കാർഡ് കൈപ്പറ്റേണ്ടതാണ്

2) പൊതുയോഗത്തിന് സമർപ്പിക്കാനുള്ള ചോദ്യങ്ങളും പ്രമേയങ്ങളും 24.06.2016 ഉച്ചതിരിഞ്ഞ് 4 മണിക്ക് മുമ്പായി സമാജം ഓഫീസിൽ കിട്ടിയിരിക്കേണ്ടതാകുന്നു

3) എസ്. എസ്. എൽ. സി., പ്ലസ് ടു, ഡിഗ്രി തലങ്ങളിൽ ഏർപ്പെടുത്തിയിട്ടുള്ള സ്കോളർഷിപ്പിനുള്ള അപേക്ഷകൾ സമാജത്തിൽനൽകാവുന്നതാണ്.

4) തറയിൽ രാമൻ കൃഷ്ണൻകുട്ടി മെമ്മോറിയൽ എൻഡോവ്മെന്റിനു വേണ്ടി സമാജം അംഗങ്ങളുടെ മക്കൾക്ക് അപേക്ഷകൾ നൽകാവുന്നതാണ്

# എസ്.എൻ.ബി.എസ്. സമാജം, ഇരിങ്ങാലക്കുട (Regd)
# 2015-16 വർഷത്തെ പ്രവർത്തന റിപ്പോർട്ട്

മാന്യ മെമ്പർമാരെ,

സമാജത്തിന്റെ 2015-16 കാലഘട്ടത്തിലെ പ്രവർത്തനങ്ങളുടെ ഒരു സംക്ഷിപ്ത റിപ്പോർട്ട് പൊതുയോഗത്തിന്റെ ചർച്ചക്കും അംഗീകാരത്തിനുമായി ആദരപൂർവ്വം സമർപ്പിക്കട്ടെ .

87-ാം വാർഷിക പൊതുയോഗം 2015 ജൂലായ് 19-ാം തിയ്യതി ഞായറാഴ്ച രാവിലെ 10 മണിക്ക് സമാജം പ്രസിഡണ്ട് **ശ്രീ.പ്രവികുമാർ ചെറാക്കുളം** അവർകളുടെ മഹനീയ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. സമാജം മേൽശാന്തി മണിശാന്തിയുടെ ഗുരുപ്രാർത്ഥനയോടെ യോഗനടപടികൾ ആരംഭിച്ചു. റിപ്പോർട്ട് കാലയളവിൽ അന്തരിച്ച മാന്യ സമാജം മെമ്പർമാരുടെ നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി. സെക്രട്ടറി **ശ്രീ. കെ.കെ.ചന്ദ്രൻ** യോഗത്തിൽ ഹാജരായ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. തുടർന്ന് പ്രസിഡണ്ടിന്റെ അദ്ധ്യക്ഷപ്രസംഗത്തിനുശേഷം സെക്രട്ടറി കഴിഞ്ഞവർഷത്തെ പ്രവർത്തന റിപ്പോർട്ടും കണക്കുകളും പൊതുയോഗത്തിന്റെ അംഗീകാരത്തിനുമായി സമർപ്പിച്ചു.

എല്ലാ അംഗങ്ങളുടേയും കൂട്ടായ്മയോടും സഹകരണത്തോടും കൂടിയാണ് വാർഷികപൊതുയോഗം നടന്നത്. 2015-16 വർഷത്തെ ഇന്റേണൽ ഓഡിറ്റർ മാരായി **ശ്രീ. ടി.ജി. ഹരി**, **ശ്രീ.വി.ബി. ബാലു** എന്നിവരേയും, **M/s. ഉണ്ണികൃഷ്ണൻ & കമ്പനി ചാർട്ടേഡ് എക്കൗണ്ടന്റ്സ്**, ഇരിങ്ങാലക്കുട ഓഡിറ്ററായും തെരഞ്ഞെടുത്തു.

***തിരഞ്ഞെടുപ്പ്***

ഇരിങ്ങാലക്കുട ശ്രീനാരായണ ഭക്തസമുദായോദ്ധാരണി സമാജത്തിന്റെ 2015-16, 2016-17 വർഷങ്ങളിലെ ഭരണ കമ്മിറ്റിയിലേക്കുള്ള 15 അംഗങ്ങളുടെ തിരഞ്ഞെടുപ്പ് സമാജം നിയമാവലി 9-ാം വകുപ്പ് പ്രകാരമുള്ള ചട്ടങ്ങളനുസരിച്ച് അഡ്വ.സാബുരാജ്, ചുള്ളിക്കാട്ടിൽ ഹൗസ്, ഇരിങ്ങാലക്കുട, റിട്ടേണിംഗ് ഓഫീസറായി സമാജം നിശ്ചയിച്ചു. ജൂലായ് 19-ാം തിയ്യതി ഞായറാഴ്ച രാവിലെ 7 മണി മുതൽ 1 മണിവരെ സമാജം മിനിഹാളിൽ വെച്ച് രഹസ്യ ബാലറ്റ് അടിസ്ഥാനത്തിൽ തിരഞ്ഞെടുപ്പ് നടത്തി, അന്നുതന്നെ വോട്ടെണ്ണി ഫലപ്രഖ്യാപനം നടത്തുന്നതാണെന്ന് റിട്ടേണിംഗ് ഓഫീസർ പ്രഖ്യാപിക്കുകയും നോമിനേഷനുകൾ ക്ഷണിക്കുകയും ചെയ്തു. ഇതനുസരിച്ച് സ്ഥാനാർത്ഥികൾ നോമിനേഷനുകൾ സമർപ്പിക്കുകയും, കൂടുതൽ ആയുള്ള നോമിനേഷനുകൾ പിൻവലിച്ച സ്ഥിതിക്ക് താഴെ പറയുന്നവരെ ഐക്യകണ്ഠേന തിരഞ്ഞെടുത്തതായി റിട്ടേണിംഗ് ഓഫീസർ പൊതുയോഗത്തിൽ ഫലപ്രഖ്യാപനം നടത്തുകയുണ്ടായി.

| | | | | |
|---|---|---|---|---|
| 1) | ശ്രീ. എം.കെ. വിശ്വംഭരൻ മുക്കുളം | പുല്ലൂർ | (പ്രാദേശികം) |
| 2) | ശ്രീ. വിജയൻ എളയേടത്ത് | ടൗൺ | ” |
| 3) | ശ്രീ. തറയിൽ സത്യൻ | കോമ്പാറ | ” |
| 4) | ശ്രീ. ബിജു മുണ്ടോലി | തുറവൻകാട് | ” |
| 5) | ശ്രീ. കെ.കെ.സുരേഷ്ബാബു കല്ലിങ്ങപ്പുറം | | |
| 6) | ശ്രീ. കെ.ആർ.രാമദാസ് | | |
| 7) | ശ്രീ. പ്രദീപ് എളന്തോളി | | |
| 8) | ശ്രീ. രവികുമാർ മഠത്തിക്കര | | |
| 9) | ശ്രീ. മോഹൻലാൽ കെ.സി. | | |
| 10) | ശ്രീ. കൃഷ്ണകുമാർ വി.വി. | | |
| 11) | ശ്രീ. പ്രദീപ്കുമാർ ചോളിപറമ്പിൽ | | |
| 12) | ശ്രീ. വിജു കൊറ്റിക്കൽ | | |
| 13) | ശ്രീ. സിബിൻ കൂനാക്കംപിള്ളി | | |
| 14) | ശ്രീ. രാജേഷ് കോട്ടപ്പുറം | | |
| 15) | ശ്രീ. എം.കെ. ഗോപി മണമാടത്തിൽ | | |

22-07-2015നു ചേർന്ന സംയുക്ത കമ്മിറ്റി യോഗത്തിൽ വെച്ച് പുതിയ ഭരണസമിതി അധികാരം ഏറ്റെടുത്തു. തിരഞ്ഞെടുക്കപ്പെട്ട ഭരണസമിതി അംഗങ്ങൾ താല്ക്കാലിക അദ്ധ്യക്ഷനായ ശ്രീ. വിജയൻ എളയേടത്തിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും, താഴെ പറയുന്നവരെ ഭൂരിപക്ഷപ്രകാരം പ്രസിഡണ്ട് ശ്രീ വിജയൻ എളയേടത്ത്, വൈസ് പ്രസിഡണ്ട് ശ്രീ. കെ.കെ. സുരേഷ്ബാബു, സെക്രട്ടറി ശ്രീ. എം.കെ. വിശ്വംഭരൻ, ജോയിന്റ് സെക്രട്ടറി ശ്രീ. ബിജു മുണ്ടോലി, ട്രഷറർ ശ്രീ. എം.കെ.ഗോപി എന്നിവരെ തിരഞ്ഞെടുത്ത് ചുമതലകൾ ഏൽപ്പിച്ചു. തുടർന്ന് വിവിധ സബ്ബ് കമ്മിറ്റികളിലേക്ക് പുതിയ പ്രസിഡണ്ടായി തിരിഞ്ഞെടുക്കപ്പെട്ട ശ്രീ. വിജയൻ എളയേടത്തിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് ശ്രീ. കൃഷ്ണകുമാർ വി.വി., രവികുമാർ മഠത്തിക്കര, പ്രദീപ് ചോളിപ്പറമ്പിൽ (ക്ഷേത്രഭരണം), മോഹൻലാൽ കെ.സി., പ്രദീപ് എളന്തോളി (കുറികമ്മിറ്റി), ബിജു മുണ്ടോലി, പ്രദീപ് എളന്തോളി (എസ്.എൻ.വൈ.എസ്), കെ.കെ. സുരേഷ് ബാബു, രവികുമാർ മഠത്തിക്കര, മോഹൻലാൽ കെ.സി. (സമാജം എൽ.പി.സ്കൂൾ) എന്നിവരെ നിശ്ചയിച്ചു. 31-07-2015ന് ചേർന്ന കമ്മിറ്റി യോഗത്തിൽ വെച്ച് സമാജം എൽ.പി.സ്കൂൾ മാനേജരായി സമാജം പ്രസിഡണ്ട് ശ്രീ. വിജയൻ എളയേടത്തിനെ നിശ്ചയിച്ചു. പ്രസ്തുത യോഗത്തിൽ ട്രഷറർ സ്ഥാനവും, കമ്മിറ്റി അംഗത്വവും രാജിവെച്ചുകൊണ്ടുള്ള ശ്രീ. ഗോപി മണമാടത്തിലിന്റെ കത്ത് ചർച്ചയ്ക്കെടുത്ത് അംഗീകരിച്ചു. സ്ഥാപനത്തിന്റെ തുടർ പ്രവർത്തനം ഭംഗിയായി കൊണ്ടുപോകുന്നതിന് അദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം ശ്രീ. മോഹൻലാൽ കെ.സി.യെ ട്രഷററായി തിരഞ്ഞെടുത്തു.

എം.കെ.ഗോപി മണമാടത്തിൽ രാജിവെച്ചതുമൂലം ഭരണസമിതിയിൽ വന്ന ഒഴിവിലേക്ക് ശ്രീ. മോഹനൻ മഠത്തിക്കരയെ കമ്മിറ്റി നോമിനേറ്റ് ചെയ്തു.

***കുറികൾ***

സമാജത്തിന്റെ പ്രധാന വരുമാന സ്രോതസ്സായ കുറികൾ ആരംഭിക്കുന്നതിന് ചാരിറ്റബിൾ സ്ഥാപനങ്ങൾക്ക് നിയമം തടസ്സമായതിനാൽ പുതിയ കുറികൾ ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. ചിട്ടി ഫോർമാൻ അസ്സോസിയേഷനുമായി ബന്ധപ്പെട്ട് തടസ്സം നീക്കി കിട്ടുന്നതിന് ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചിട്ടുള്ളതാണ്. എന്നാൽ ബഹുമാനപ്പെട്ട ഹൈക്കോടതി ഹർജി ഇതുവരെ പരിഗണനയ്ക്ക് എടുത്തിട്ടില്ല. ഇപ്പോൾ സമാജത്തിൽ 8 കുറികളാണ് നിലവിലുള്ളത്. ഈ സാമ്പത്തികവർഷത്തിൽ കുറികൾ വട്ടമെത്തിയിട്ടില്ല. നിലവിൽ കുറികൾ ആരംഭിക്കുവാൻ സാധിക്കാത്ത സാഹചര്യത്തിൽ സമാജത്തിന് പുതിയ സാമ്പത്തിക സ്രോതസ്സ് കണ്ടെത്തേണ്ടതുണ്ട്. ഇക്കാര്യത്തിൽ സമാജം അംഗങ്ങളുടെ വിലയേറിയ നിർദ്ദേശങ്ങൾ പ്രതീക്ഷിക്കുന്നു.

***അംഗങ്ങൾ***

സമാജത്തിൽ ആകെ 2434 അംഗങ്ങളാണുള്ളത്. 17 അംഗങ്ങൾ നമ്മെ വിട്ടു പിരിഞ്ഞു പോയി.

***ക്ഷേത്രഭരണം***

ക്ഷേത്രത്തിലെ പൂജാദികർമ്മങ്ങളും മറ്റും മേൽശാന്തി മണിശാന്തിയുടെ നേതൃത്വത്തിൽ വളരെ ഭംഗിയായി നടന്നുവരുന്നു. ഭക്തജനങ്ങളുടെ സാന്നിദ്ധ്യം മുൻവർഷങ്ങളിലേക്കാൾ വളരെ അധികം വർദ്ധിച്ചിട്ടുണ്ട്. കർക്കിടകമാസത്തിലെ ആനയൂട്ടിലും, അഷ്ടദ്രവ്യമഹാഗണപതിഹോമത്തിലും, ഭഗവതിസേവയിലും, ഔഷധക്കഞ്ഞി വിതരണത്തിലും ധാരാളം ഭക്തജനങ്ങളുടെ സാന്നിദ്ധ്യമുണ്ടായിരുന്നു. കർക്കിടകമാസത്തിലെ വാവുബലി, കന്നിമാസത്തിലെ നവരാത്രി, സ്കന്ദഷഷ്ഠി, തുലാമാസ വാവുബലി, ശിവരാത്രി, മണ്ഡലപൂജമഹോത്സവം, ദേശവിളക്ക്, നാഗക്കളം, പൂമൂടൽ തുടങ്ങിയ വിശേഷാൽ ചടങ്ങുകൾ ഭക്തജനങ്ങളുടെ നിറസാന്നിദ്ധ്യത്തോടെ ഭംഗിയായി നടത്തുവാൻ സാധിച്ചു. 2016 ജനുവരി 23 ശനിയാഴ്ച പുണർതം നാളിൽ പ്രതിഷ്ഠാദിനം സമുചിതമായി ആചരിച്ചു. ഷഷ്ഠിമഹോത്സവത്തോടനുബന്ധിച്ച് കൊടിയേറ്റം നടത്തിവന്നിരുന്നത് ശിവഗിരി മഠാധിപതിയുടെ സാന്നിദ്ധ്യത്തിൽ ക്ഷേത്രം മേൽശാന്തിയായിരുന്നു. ദേവഹിതം അറിഞ്ഞ് പടിത്തരം നിശ്ചയിക്കുന്നതിനും, പ്രശ്നപരിഹാരങ്ങൾക്കും താന്ത്രിക സ്ഥാനത്ത് ഒഴിവാണ് കഴിഞ്ഞ കാലഘട്ടത്തിലുണ്ടായിരുന്നത്. ഈ കമ്മിറ്റി ഒരു ദേവപ്രശ്നം നടത്തുന്നതിന് നിശ്ചയിക്കുകയും 02-11-2015ന് സർവ്വശ്രീ പത്മനാഭ ശർമ്മയുടെ നേതൃത്വത്തിൽ ദേവപ്രശ്നം ഭക്തജനസാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. തദവസരത്തിൽ പ്രശ്ന വിധികൾ ശ്രദ്ധിക്കാനുണ്ടായിരുന്ന ശ്രീ മഠത്തിക്കര ശങ്കരൻ മകൻ രാജൻ അവർകൾ വെള്ളികൊണ്ടുള്ള ഗോളക ഭഗവാന് സമർപ്പിക്കുവാൻ തയ്യാറാവുകയും 10-02-2016 ന് പ്രസ്തുത വെള്ളി ഗോളക സമർപ്പണ ചടങ്ങ് നടത്തുകയും ചെയ്തു.

ദേവപ്രശ്ന വിധിപ്രകാരം തന്ത്രി സ്ഥാനത്തേക്ക് ശ്രീ പറവൂർ രാഗേഷ് തന്ത്രിയെ കാണുകയും അതനുസരിച്ച് ശ്രീ.രാഗേഷ് തന്ത്രിയെ നിശ്ചയിക്കുകയും 26-01-2016ന് ആചാര്യവരണം നടത്തുകയുമുണ്ടായി. തുടർന്ന് ആചാര്യന്റെ നേതൃത്വത്തിൽ വിധിപ്രകാരമുള്ള പരിഹാര ക്രിയകൾ മൂന്ന് ദിവസമായി നടത്തുകയും സമീപപ്രദേശത്തെ എല്ലാ മഹാക്ഷേത്രങ്ങളിലേക്കും നിശ്ചയിച്ച വഴിപാടുകളും, ബാധാവേർപാട്, വാസ്തു രക്ഷോഘ്നഹോമങ്ങൾ, സായൂജ്യപൂജയും നടത്തുകയുണ്ടായി.

എസ്.എൻ.വൈ.എസ്.ന്റെ ഒരുവർഷം നീണ്ട 50-ാം വാർഷിക സമാപന ചടങ്ങുകളും അഖിലകേരള പ്രൊഫഷണൽ നാടകമത്സരവും, ഗാനമേളകളും, മറ്റു കലാപരിപാടികളുമായി ഷഷ്ഠിമഹോത്സവം 9 ദിവസത്തെ ഉത്സവമായി സാഘോഷം കൊണ്ടാടുകയുണ്ടായി. ഷഷ്ഠിമഹോത്സവ കൊടിയേറ്റവും പൂജകളും തന്ത്രിയുടെ മുഖ്യ കാർമ്മികത്വത്തിലാണ് നടന്നത്.

ക്ഷേത്രത്തിലെ മാതൃസംഘത്തിന്റെ പ്രവർത്തനം ഊർജ്ജസ്വലമാക്കേണ്ടതുണ്ട്. കമ്മിറ്റി രൂപീകരണം നടന്നുവരുന്നു. സഹകരിച്ച് വരുന്ന എല്ലാ സഹോദരിമാരോടും നന്ദി രേഖപ്പെടുത്തട്ടെ. ഭക്തജനങ്ങളുടെ പ്രാതിനിധ്യ വർദ്ധനവ് നടവരവിലൂടെ ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്.

### *നടപ്പന്തൽ*

ശ്രീ തറയിൽ ബാലൻ അവർകളുടെ സ്മരണയ്ക്കായി അവരുടെ കുടുംബാംഗങ്ങൾ പണികഴിപ്പിച്ച് സമർപ്പിച്ച നടപ്പന്തലിൽ ധാരാളം വിവാഹങ്ങളും ക്ഷേത്രസംബന്ധമായ മറ്റു ചടങ്ങുകളും നടന്നുവരുന്നുണ്ട്.

### *ഗുരുമന്ദിരം*

ശ്രീ പോളശ്ശേരി സുധാകരൻ സമാജത്തിന് സമർപ്പിച്ച ഗുരുമന്ദിരത്തിൽ എല്ലാ മാസത്തിലെയും ചതയദിനത്തിൽ പ്രത്യേക പൂജയും, സർവ്വൈശ്വര്യപൂജയും, സമൂഹ പ്രാർത്ഥനയും, ഗുരുദേവ പ്രഭാഷണവും അതിനുശേഷം പ്രസാദഊട്ടും നടത്തിവരുന്നു. ചതയദിന ഗുരുപൂജയും, പ്രസാദഊട്ടും സ്പോൺസർ ചെയ്യുവാൻ മാന്യ സമാജം മെമ്പർമാർ മുന്നോട്ടുവരണമെന്ന് അഭ്യർത്ഥിക്കുന്നു. ഇപ്പോൾ സമാജം കമ്മിറ്റി അംഗങ്ങളാണ് സ്പോൺസർ ചെയ്തുവരുന്നത്.

### *ശ്രീനാരായണഹാളും, മിനി ശ്രീനാരായണഹാളും*

രണ്ടുഹാളുകളും ഭംഗിയായും വൃത്തിയായും സംരക്ഷിക്കുവാൻ പ്രത്യേകം ശ്രദ്ധിച്ചുവരുന്നു. മെയിൻഹാളിൽ കാലാനുസൃതമായ മാറ്റംവരുത്തേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. വിപുലീകരിച്ച മറ്റുഹാളുകൾ സമീപ പ്രദേശങ്ങളിൽ വന്ന് കഴിഞ്ഞതിനാൽ ഹാളിന്റെ ഉപഭോഗം കുറഞ്ഞുവരുന്നതായി അനുഭവപ്പെടുന്നു. ഹാളിന്റെ വരുമാനത്തിൽ വർദ്ധനവ് ഉണ്ടാവുന്നതിനായി ഹാൾ ശീതീകരിക്കണമെന്ന് ഒരു നിർദ്ദേശം അംഗങ്ങളുടെ അനുമതിക്കായി സമർപ്പിക്കുന്നു. ആവശ്യമായ സഹകരണം എല്ലാ മെമ്പർമാരിൽ നിന്നും പ്രതീക്ഷിക്കുന്നു.

## *എസ്. എൻ. ബി. എസ്. സമാജം എൽ. പി. സ്ക്കൂൾ*

നമ്മുടെ സമാജത്തിന്റെ അഭിമാനമായ പുല്ലൂർ എസ്.എൻ. ബി. എസ്. സമാജം എൽ. പി. സ്ക്കൂൾ നല്ല രീതിയിൽ നടന്നുവരുന്നു. സ്കൂളിന്റെ സുഗമമായ നടത്തിപ്പിന് സമാജത്തിന് വൻതുക സാമ്പത്തിക ചിലവുകൾ വരുന്നുണ്ട്. സ്കൂൾ കോമ്പൗണ്ടിൽ ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി. പഴയതായ കെട്ടിടങ്ങൾ പൊളിച്ചുമാറ്റേണ്ടതും, സ്കൂൾ ആവശ്യത്തിന് ഓഡിറ്റോറിയം നിർമ്മിക്കേണ്ടതും ആവശ്യമാണ്.

## *എസ്. എൻ. വൈ. എസ്. ലൈബ്രറി*

ജില്ലയിലെ തന്നെ ഏറ്റവും നല്ല ലൈബ്രറികളിൽ ഒന്നാണ് എസ്. എൻ. വൈ. എസ്. ന്റെ കീഴിലുള്ള ഈ ലൈബ്രറി. ലൈബ്രറിയുടെ അഭിവൃദ്ധിക്കുവേണ്ടി എല്ലാവിധ സഹായസഹകരണങ്ങളും സമാജം കമ്മിറ്റി നൽകിവരുന്നുണ്ട്. എസ്.എൻ.വൈ.എസ്.ന്റെ ഒരുവർഷം നീണ്ടുനിന്ന സുവർണ്ണ ജൂബിലി ആഘോഷവും സമാപന സമ്മേളനവും അഖില കേരള പ്രൊഫഷണൽ നാടകമത്സരവും മനോഹരമാക്കുവാൻ എസ്.എൻ.വൈ.എസിന്റെ പ്രവർത്തകർക്ക് സാധിച്ചിട്ടുണ്ട്. സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ സമാപന സമ്മേളനം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. വി.എ.മനോജ്കുമാർ ഉദ്ഘാടനം ചെയ്തു. ഊർജ്ജസ്വലമായ പ്രവർത്തനത്തെ അനുമോദിച്ചുകൊണ്ട് എസ്.എൻ.ബി.എസ്. സമാജം മൊമെന്റോ നൽകുകയുണ്ടായി.

## *ശ്രീനാരായണജയന്തി*

റിപ്പോർട്ട് വർഷത്തിലെ ജയന്തി ആഘോഷപരിപാടികൾ രാവിലെ സമാജം അങ്കണത്തിൽ പ്രസിഡണ്ട് ശ്രീ. വിജയൻ എളയേടത്ത് പതാക ഉയർത്തിയതോടെ ആഘോഷപരിപാടികൾ ആരംഭിച്ചു. S.N.D.P. മുകുന്ദപുരം യൂണിയൻ, S.N.Y.S., ഇതര ശ്രീനാരായണ പ്രസ്ഥാനങ്ങളുമായി സഹകരിച്ച് സംയുക്തമായി അതിവിപുലമായി ആഘോഷിച്ചു. വർണ്ണോജ്ജ്വലമായ ഘോഷയാത്ര, കുട്ടൻകുളം പരിസരത്തുനിന്ന് ആരംഭിച്ച് ഇരിങ്ങാലക്കുട പട്ടണത്തെ പ്രകമ്പനംകൊള്ളിച്ച് സമാജം അങ്കണത്തിൽ എത്തിച്ചേരുകയുണ്ടായി.

തുടർന്ന് സമാജം പ്രസിഡണ്ട് ശ്രീ. വിജയൻ എളയേടത്തിന്റെ അദ്ധ്യക്ഷതയിൽ നടന്ന പൊതുസമ്മേളനം എസ്.എൻ.ഡി.പി. മുകുന്ദപുരം യൂണിയൻ പ്രസിഡണ്ട് ശ്രീ. സന്തോഷ് ചെറാക്കുളം ഉദ്ഘാടനം ചെയ്യുകയും, ബഹുമാന്യ തൃശ്ശൂർ എം.പി. ശ്രീ. സി.എൻ.ജയദേവൻ, ഇരിങ്ങാലക്കുട എം.എൽ.എ. ശ്രീ.തോമസ് ഉണ്ണിയാടൻ, S.N.D.P. മുകുന്ദപുരം യൂണിയൻ സെക്രട്ടറി ശ്രീ. പി.കെ.പ്രസന്നൻ, സ്വാമി ബ്രഹ്മസ്വരൂപാനന്ദ, മുനിസിപ്പൽ ചെയർപേഴ്സൺ തുടങ്ങിയ പ്രമുഖ വ്യക്തികൾ പങ്കെടുക്കുകയുണ്ടായി. ശ്രീ. സി.ആർ. കേശവൻ വൈദ്യരുടെ ജന്മദിന സ്മരണയ്ക്കായി ചന്ദ്രിക കുടുംബാംഗങ്ങൾ നടത്തിയ പ്രസാദ ഊട്ടിലും ധാരാളം ശ്രീനാരായണീയർ പങ്കെടുക്കുകയുണ്ടായി.

S.N.Y.S. ന്റെ പൂക്കളമത്സരം, ചിത്രരചനാമത്സര വിജയികൾക്കുള്ള സമ്മാനദാനവും സമാജം മെമ്പർമാരുടെ മക്കളിൽ ഉയർന്ന മാർക്ക് വാങ്ങി വിജയിച്ചവർക്ക് നൽകിവ

രുന്ന ട്രോഫികളും, ക്യാഷ് അവാർഡുകളും തദവസരത്തിൽ നൽകുകയുണ്ടായി.

ജയന്തി ആഘോഷ പരിപാടികളിൽ പങ്കെടുത്ത് വൻവിജയമാക്കിത്തീർത്ത എല്ലാ ഗുരുദേവ ഭക്തർക്കും ശ്രീനാരായണ പ്രസ്ഥാനങ്ങൾക്കും, മുകുന്ദപുരം എസ്.എൻ.ഡി.പി. യൂണിയനും, സമാജം മെമ്പർമാർക്കും എസ്.എൻ.വൈ.എസ്. പ്രവർത്തകർക്കും നന്ദിപറയുന്നതൊടൊപ്പം തുടർന്നും വരും കാലങ്ങളിലും എല്ലാവരുടെയും സാന്നിദ്ധ്യ സഹായ സഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

## സമാധി ദിനാചരണം

ഗുരുസമാധി ദിനാചരണം സമുചിതമായി ആചരിച്ചു. ക്ഷേത്രം മേൽശാന്തിയുടെ നേതൃത്വത്തിൽ ഗുരുപൂജയും, സമൂഹപ്രാർത്ഥനയും അന്നദാനവും നടത്തി. അന്നേദിവസം നമ്മുടെ ശ്മശാനം വൃത്തിയാക്കുകയും ചെയ്തു.

## ഷഷ്ഠിമഹോത്സവം

പ്രാദേശിക ആഘോഷക്കമ്മിറ്റികളുടെയും മറ്റ് സഹൃദയരുടെയും മാസങ്ങളോളം നീണ്ട്നിന്ന കഠിനപ്രയത്നത്തിന്റെ ഫലമായി ശ്രീവിശ്വനാഥപുരം ക്ഷേത്രത്തിലെ ഷഷ്ഠി മഹോത്സവം മദ്ധ്യകേരളത്തിലെ മഹത്തായ ഒരു ഉത്സവമെന്ന പ്രശസ്തി നേടിയെടുത്തു. വൈകീട്ട് ക്ഷേത്രാങ്കണത്തിൽ നടന്ന പൂരം എഴുന്നള്ളിപ്പിന് കലാമണ്ഡലം ശിവദാസ് നയിച്ച 101 പേരുടെ ചെണ്ടമേളം ആസ്വാദകർക്ക് ഹരമേകി. 9 ആനകളെ അണിനിരത്തിയ കാഴ്ചശിവേലി ചിലവുകൾ ചുരുക്കിക്കൊണ്ടുതന്നെ മനോഹരമാക്കുന്നതിനും കഴിഞ്ഞു. പൂരം നടത്തിപ്പിന് ആനകൾക്ക് വേണ്ടി വരുന്ന ചെലവിലേക്ക് ടൗൺ, പുല്ലൂർ, കോമ്പാറ എന്നീ വിഭാഗക്കാർ ഓരോരുത്തരും 50,000 രൂപ വീതം സമാജത്തിൽ ഏല്പിച്ചിരുന്നു. 2016 ഫെബ്രുവരി 7ന് നടന്ന കൊടിയേറ്റൽ കർമ്മം അമരിപ്പാടം ആശ്രമമഠാധിപതി ബ്രഹ്മശ്രീ ബ്രഹ്മസ്വരൂപാനന്ദയുടെ സാന്നിധ്യത്തിൽ ശ്രീ പറവൂർ രാഗേഷ് തന്ത്രി നിർവ്വഹിക്കുയുണ്ടായി. എസ്.എൻ.വൈ.എസ്ന്റെ അഖിലകേരള നാടകമത്സരം ശ്രീ. പ്രിയനന്ദൻ (സിനിമാ സംവിധായകൻ) ഉദ്ഘാടനം ചെയ്തു. അന്നേ ദിവസം രാത്രി മുവാറ്റുപുഴ എയ്ഞ്ചൽ വോയ്സിന്റെ ഗാനമേളയും ഉണ്ടായിരുന്നു.

ഷഷ്ഠിമഹോത്സവത്തിന്റെ പ്രചരണത്തിന്റെ ഭാഗമായി ഭക്തജനങ്ങളുടേയും, സ്ഥാപനങ്ങളുടേയും സഹായസഹകണത്തോടെ എസ്.എൻ.ബി.എസ്., എസ്.എൻ.വൈ.എസ്. സംയുക്തമായി ഒരു പ്രോഗ്രാം ബുക്ക് നേരത്തെ തന്നെ തയ്യാറാക്കി സിനിമാതാരം ശ്രീ. മനു പ്രസിദ്ധീകരിക്കുകയുണ്ടായി.

ഷഷ്ഠിയോടനുബന്ധിച്ച് സമാജം കമ്മിറ്റി സംഘടിപ്പിച്ച മതസൗഹാർദ്ദ കൂട്ടായ്മയിൽ പങ്കെടുത്ത മതമേലദ്ധ്യക്ഷന്മാരോടും, ജനപ്രതിനിധികളോടും പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു. ഷഷ്ഠിയുടെ തലേദിവസം പള്ളിവേട്ടക്കുമുമ്പായി നാടകമത്സരത്തിന്റെ സമാപന സമ്മേളനത്തിൽ ശ്രീ. പോളശ്ശേരി സുധാകരൻ സമ്മാനദാനം നിർവ്വഹിച്ചു.

ശ്രീ. പി.കെ.ഭരതൻമാസ്റ്റർ നാടകമത്സരാവലോകനം നടത്തി. തുടർന്ന് ഗോൾഡൻ ബീറ്റ്സിന്റെ ഗാനമേളയും നടന്നു. സമാജത്തിന്റെ മുൻവശത്ത് മനോഹരമായ ദീപാലങ്കാര നിലപ്പന്തൽ ഇത്തവണത്തെ പ്രത്യേകതയായിരുന്നു.

ഷഷ്ഠിദിവസം രാത്രിയിൽ കൊല്ലം ഭരതമിത്രയുടെ പരശുരാമൻ എന്ന ബാലൈ അരങ്ങേറി. വെബ്സൈറ്റിലുടെ പ്രവാസി മലയാളികൾക്കും ഷഷ്ഠിമഹോത്സവം കണ്ട് ആസ്വദിക്കുവാൻ സൗകര്യമുണ്ടാക്കിതന്ന പത്ര, ദൃശ്യ മാദ്ധ്യമ പ്രവർത്തകരോടും ഷഷ്ഠിമഹോത്സവം ഭംഗിയാക്കുവാൻ സഹകരിച്ച പ്രാദേശിക ആഘോഷകമ്മിറ്റിക്കാരോടും സ്പോൺസർ ചെയ്ത ഭക്തജനങ്ങളോടും, സ്ഥാപനങ്ങളോടും, എല്ലാ സുഹൃദ് ജനങ്ങളോടും എസ്. എൻ.ബി.എസ്. മെമ്പർമാർ, സമാജം സ്റ്റാഫ്, ഇരിങ്ങാലക്കുട പോലീസ് ഉദ്യോഗസ്ഥർ, എസ്. എൻ.വൈ.എസ്. ഇതര സഹോദര സംഘടനകളോടും പ്രത്യേകം നന്ദി പറയുന്നതോടൊപ്പം വരും വർഷങ്ങളിലും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുകയും ചെയ്യുന്നു. ഷഷ്ഠിയോടനുബന്ധിച്ച് അഹോരാത്രം പണിയെടുത്ത് മനോഹരമാക്കാൻ ശ്രമിച്ച എല്ലാ വ്യക്തികളോടും പ്രത്യേകം നന്ദി രേഖപ്പെടുത്തികൊള്ളുന്നു.

ഈ വർഷത്തെ ഏറ്റവും നല്ലസെറ്റിനുള്ള യു.എ.ഇ. അനുഭാവികൾ സ്പോൺസർ ചെയ്ത സിൽവർ ട്രോഫിയും സമാജത്തിന്റെ വക 3001രൂപ ക്യാഷ് അവാർഡും ടൗൺ പടിഞ്ഞാട്ടുമുറി വിഭാഗത്തിനും, രണ്ടാം സമ്മാനമായ പാറമ്മേക്കാട്ടിൽ മാണിക്യൻ മെമ്മോറിയൽ എവർ റോളിംഗ് ട്രോഫിയും, 2001 രൂപ ക്യാഷ് അവാർഡും കോമ്പാറ വിഭാഗത്തിനുമാണ് ലഭിച്ചത്.

## ചാരിറ്റി

സമാജത്തിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് ജീവകാരുണ്യപ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. റിപ്പോർട്ട് വർഷത്തിൽ ചികിത്സാസഹായങ്ങളും, നമ്മുടെ സ്ക്കൂളിൽ നിർധനരായ കുട്ടികൾക്ക് സ്ക്കൂളിൽ പോകുന്നതിന് സൗജന്യമായി വാഹനസൗകര്യവും അനുവദിച്ചിട്ടുണ്ട്. ഗുരുദേവ കൗൺസിലിംഗ് സെന്റർ, ഫാമിലി കൗൺസിലിംഗും, ക്ലാസ്സുകളും ലീഗൽ സഹായങ്ങളും, ചികിത്സാ സഹായങ്ങളും നൽകി ഊർജ്ജസ്വലമായി പ്രവർത്തിച്ചുവരുന്നു.

## ശ്മശാനം

ജില്ലാ കളക്ടറുടെ അനുമതി ലഭിക്കുന്ന മുറക്ക് മുനിസിപ്പാലിറ്റിയിൽ ബന്ധപ്പെട്ട് ആവശ്യമായ എഗ്രിമെന്റുകൾ വെച്ച് നിർമ്മാണാനുമതിനേടി ശ്മശാന നിർമ്മാണം ഉടൻ ആരംഭിക്കുന്നതാണ്. സമാജം പ്രസിഡണ്ടും, എസ്.എൻ.ഡി.പി. മുകുന്ദപുരം യൂണിയൻ പ്രസിഡണ്ടും സംയുക്തമായി 21-10-2015ന് രാവിലെ 10 മണിക്ക് ശ്മശാനത്തിന് ഭൂമിപൂജയ്ക്കുശേഷം തറക്കല്ലിട്ടു. എല്ലാ എസ്.എൻ.ഡി.പി.ശാഖകളോടും സഹകരിക്കുവാനും, കൂപ്പൺപ്രകാരമുള്ള ഫണ്ട് ശേഖരിക്കുവാനും അഭ്യർത്ഥിച്ചിട്ടുണ്ട്. മുൻ പൊതുയോഗ നിശ്ചയപ്രകാരം സമാജം അഗംങ്ങൾ അടക്കേണ്ടതായ 500 രൂപ ഓഫീസിൽ നേരിട്ടോ സമാജം കമ്മിറ്റി ഭാരവാഹികൾ നടത്തുന്ന ക്യാംപയിൻ സംവിധാനത്തിലൂടെയോ ഉടൻ തന്നെ അടച്ച് സഹകരിക്കുന്നതിന് അഭ്യർത്ഥിക്കുന്നു.

***മറ്റുകാര്യങ്ങൾ***

പുതിയ ഹാൾ നിർമ്മിക്കുന്നതിന് സമാജം പ്രസിഡണ്ട് ചെയർമാനും, ശ്രീ. കെ.കെ. കൃഷ്ണാനന്ദബാബു ജനറൽ കൺവീനറുമായ ഹാൾ നിർമ്മാണ കമ്മിറ്റി യോഗം ചേർന്ന് ക്ഷേത്രത്തോട് ചേർന്ന ഭാഗത്ത് സമാജം വാങ്ങിയ സ്ഥലത്ത് ഒരുഹാൾ പണിയുന്നതാണ് അഭികാമ്യമെന്ന് അഭിപ്രായപ്പെടുകയുണ്ടായി. ശീതീകരിച്ച പുതിയ ഹാൾ നിർമ്മാണത്തിന് സമാജത്തിന്റെ എല്ലാ അഭ്യുദയകാംക്ഷികളുടേയും സഹായസഹകരണങ്ങളും അനുമതിയും അഭ്യർത്ഥിക്കട്ടെ.

റിപ്പോർട്ട് വർഷത്തിലെ പ്രവർത്തനങ്ങൾ വിജയിപ്പിക്കുന്നതിന് ആത്മാർത്ഥമായി സഹകരിക്കുകയും, സഹായിക്കുകയും ചെയ്ത സമാജം ജീവനക്കാരേയും, യഥാസമങ്ങളിൽ നിയമോപദേശങ്ങൾ നൽകി സഹായിച്ച ലീഗൽ അഡ്വൈസറോടും, കണക്കുകൾ കൃത്യസമയത്ത് പരിശോധിച്ച് ഓഡിറ്റ് ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയ ഇന്റേണൽ ഓഡിറ്റേഴ്സിനോടും, ചാർട്ടേഡ് എക്കൗണ്ടന്റിനോടും ശ്രീനാരായണ യുവജനസമിതി പ്രവർത്തകരോടും, പ്രാദേശിക ഉത്സവാഘോഷ കമ്മിറ്റി ഭാരവാഹികളോടും ക്ഷേത്രം ശാന്തിമാരോടും, പത്ര, ദൃശ്യമാധ്യമപ്രവർത്തകരോടും പ്രത്യേകം നന്ദി രേഖപ്പെടുത്തിക്കൊണ്ടും ഈ പ്രവർത്തന റിപ്പോർട്ട് മാന്യ സമാജം മെമ്പർമാരുടെ ചർച്ചയ്ക്കും അംഗീകാരത്തിനുമായി സവിനയം സമർപ്പിക്കട്ടെ.

എന്ന്

ഇരിങ്ങാലക്കുട
05 - 06 - 2016

സെക്രട്ടറി (ഒപ്പ്)
**എം.കെ. വിശ്വംഭരൻ, മുക്കുളം**

# എസ്.എൻ.ബി.എസ്. സമാജം, ഇരിങ്ങാലക്കുട.

## ക്ഷേത്രഭരണം 2015-2016 ലെ ലാഭചേതം

| ചേതം | ക. | പ. |
|---|---|---|
| ഹാൾ ചിലവ് | 212515 | 00 |
| പൂജ | 604184 | 00 |
| ഷഷ്ഠി | 1127765 | 00 |
| ജയന്തി, സമാധി | 177481 | 00 |
| റിപ്പയേഴ്സ് & മെയിന്റനൻസ് | 780077 | 00 |
| പ്രിന്റിംഗ്, സ്റ്റേഷ്നറി | 3680 | 00 |
| നികുതി | 10848 | 00 |
| പൊതുയോഗം | 41535 | 00 |
| പലവക | 14720 | 00 |
| ശ്മശാനം | 43310 | 00 |
| ചാരിറ്റി | 140300 | 00 |
| ലൈബ്രറി | 69400 | 00 |
| സ്പോർട്സ് | 14731 | 00 |
| ഇൻഷുറൻസ് | 9860 | 00 |
| വിദ്യാഭ്യാസചിലവുകൾ | 8940 | 00 |
| സ്വീകരണം | 3784 | 00 |
| വാൻചാർജ്ജ് | 306038 | 00 |
| ലൈസൻസ് ഫീസ് | 1500 | 00 |
| തെരഞ്ഞെടുപ്പ് | 6780 | 00 |
| പ്രൊഫഷണൽ ടാക്സ് | 2550 | 00 |
| തേയ്മാനം | 158778 | 17 |
| പറമ്പു സംരക്ഷണം | 65282 | 00 |
| നീക്കിയിരിപ്പ് | 664859 | 33 |
| **ആകെ** | **4468917** | **50** |

| ലാഭം | ക. | പ. |
|---|---|---|
| ഹാളിൽ നിന്നും വരവ് | 1873000 | 00 |
| നടവരവ് | 363845 | 00 |
| ഭണ്ഡാരം വരവ് | 416064 | 00 |
| സംഭാവന | 214913 | 00 |
| വിവാഹ സംഭാവന | 33063 | 00 |
| വാടക | 60000 | 00 |
| പലിശ | 5203 | 00 |
| ഷഷ്ഠി | 727380 | 00 |
| പൂജ | 585997 | 00 |
| മെമ്പർഷിപ്പ് ഫീസ് | 269 | 50 |
| വാൻ ചാർജ്ജ് | 167780 | 00 |
| പറമ്പാദായം | 21403 | 00 |
| **ആകെ** | **4468917** | **50** |

# എസ്.എൻ.ബി.എസ്. സമാജം, ഇരിങ്ങാലക്കുട, ക്ഷേത്രഭരണം

## 31.03.2016 ലെ മുതൽ കടം സ്റ്റേറ്റ്മെന്റ്

| കടം | ക. | പ. | മുതൽ | ക. | പ. |
|---|---|---|---|---|---|
| ക്യാപിറ്റൽ ഫണ്ട് | 7298907 | 14 | വസ്തു വഹകൾ, ബിൽഡിംഗ് മുതലായവ | 5778464 | 70 |
| കുറി A/c | 1518600 | 03 | ഡെപ്പോസിറ്റ് പുല്ലൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 91536 | 00 |
| മാതൃസംഗമം | 42700 | 00 | | | |
| ഹാൾ ബുക്കിംഗ് അഡ്വാൻസ് | 678500 | 00 | ഡെപ്പോസിറ്റ് ഇരിങ്ങാലക്കുട സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 109108 | 00 |
| ഗുരുദേവ പൂജ ഫണ്ട് (സോവനീർ കമ്മറ്റി) | 91536 | 00 | | | |
| വിവാഹ വാർഷിക ദമ്പതി പൂജ | 111108 | 00 | ഡെപ്പോസിറ്റ് തൃശ്ശൂർ അഗ്രിക്കൾച്ചറൽ & നോൺ അഗ്രിക്കൾച്ചറൽ ഡവലപ്പ്മെന്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 44000 | 00 |
| ജന്മ നക്ഷത്ര പൂജാഫണ്ട് | 2002 | 00 | | | |
| | | | ശ്മശാന നവീകരണ കമ്മിറ്റി | 50000 | 00 |
| | | | അഡ്വാൻസ് എസ്.എൻ.ബി.എസ്. എൽ.പി.സ്കൂൾ | 3585822 | 00 |
| | | | ബാങ്ക് ബാലൻസ് | 68248 | 39 |
| | | | കയ്യിരിപ്പ് | 16174 | 08 |
| **ആകെ** | **9743353** | **17** | **ആകെ** | **9743353** | **17** |

# എസ്.എൻ.ബി.എസ്. സമാജം, ഇരിങ്ങാലക്കുട.

## കുറി 2015–2016 ലെ ലാഭചേതം

| ചേതം | ക. | പ. | ലാഭം | ക. | പ. |
|---|---|---|---|---|---|
| പലിശ | 1722934 | 00 | പലിശ | 1788161 | 00 |
| പ്രിന്റിംഗ്, സ്റ്റേഷ്നറി | 37547 | 65 | കമ്മീഷൻ | 1374931 | 50 |
| ശമ്പളം, അലവൻസ് | 500936 | 00 | വട്ടമെത്തിയ കുറികളിൽ നിന്നുള്ള ആദായം | 434232 | 55 |
| വാടക | 60000 | 00 | സമാജം ചേർന്ന നടത്തിയ കുറികളിൽ നിന്നുള്ള ആദായം | 53352 | 00 |
| കറന്റ് ചാർജ്ജ് | 9316 | 00 | | | |
| ടെലിഫോൺ ചാർജ്ജ് | 12777 | 00 | | | |
| ബാങ്ക് ചാർജ്ജ് | 5489 | 75 | | | |
| പ്രൊഫണൽ ടാക്സ് | 5850 | 00 | | | |
| യാത്രാ ചെലവ് | 387124 | 00 | | | |
| പോസ്റ്റേജ് | 7148 | 50 | | | |
| പലവക | 7995 | 00 | | | |
| കുറി & കമ്മറ്റി ചെലവ് | 77575 | 00 | | | |
| പരസ്യം | 150000 | 00 | | | |
| സ്വീപ്പിംഗ് ചാർജ്ജ് | 204050 | 00 | | | |
| സ്റ്റാഫ് & സബ്സ്ക്രൈബേഴ്സ് വെൽ ഫയർ ഫണ്ട് | 87801 | 00 | | | |
| ബോണസ്സ് | 73498 | 00 | | | |
| ഫെസ്റ്റിവൽ അലവൻസ് | 31872 | 00 | | | |
| ലൈബ്രറി | 4978 | 00 | | | |
| ഓഡിറ്റ് ഫീസ് | 34900 | 00 | | | |
| പ്രോവിഡണ്ട് ഫണ്ട് | 44369 | 00 | | | |
| റിപ്പയേഴ്സ് | 27512 | 00 | | | |
| ലിറ്റിഗേഷൻ ചാർജ്ജ് | 4450 | 00 | | | |
| പ്രൊഫഷണൽ ചാർജ്ജ് | 16170 | 00 | | | |
| തേയ്മാനം | 44987 | 60 | | | |
| നീക്കിയിരിപ്പ് | 91396 | 55 | | | |
| **ആകെ** | **3650677** | **05** | **ആകെ** | **3650677** | **05** |

# എസ്.എൻ.ബി.എസ്. സമാജം, ഇരിങ്ങാലക്കുട. കുറി
## 31.03.2016 ലെ മുതൽ കടം സ്റ്റേറ്റ്മെന്റ്

| കടം | ക. | പ. | മുതൽ | ക. | പ. |
|---|---|---|---|---|---|
| ക്യാപിറ്റൽ ഫണ്ട് | 1560356 | 71 | ഫർണ്ണീച്ചർ, വാൻ,ജനറേറ്റർ മുതലായവ | 318911 | 05 |
| റിസർവ്വ് ഫണ്ട് | 47236 | 62 | ക്ഷേത്രഭരണം | 1518600 | 03 |
| വിദ്യാഭ്യാസഫണ്ട് | 22236 | 00 | സമാജം കുറികൾ | 1913228 | 80 |
| എൻഡോവ്മെന്റ് പി.എ.മാണിക്യൻ | 29887 | 00 | റന്റ് ഡെപ്പോസിറ്റ് | 900 | 00 |
| എൻഡോവ്മെന്റ് തറയിൽ കൃഷ്ണൻകുട്ടി | 6404 | 00 | വിദ്യാഭ്യാസഫണ്ട് | 20000 | 00 |
| കുറി സെക്യൂരിറ്റി ഡെപ്പോസിറ്റ് | 17634417 | 05 | എൻഡോവ്മെന്റ് | 28673 | 00 |
| ഡെയ്‌ലികളക്ഷൻ | 201326 | 97 | ഇൻകം ടാക്സ് പിടിച്ചത് | 862629 | 53 |
| പ്രോവിഡണ്ട് ഫണ്ട് | 6376 | 00 | അഡ്വാൻസ് | 9500 | 00 |
| കുറി A/C | 4548175 | 54 | ബാങ്ക് ഡെപ്പോസിറ്റ് | 18301149 | 00 |
| ക്രഡിറ്റേഴ്സ് ഫോർ എക്സ്പെൻസസ് | 378989 | 00 | ബാങ്ക് ബാലൻസ് | 1457111 | 67 |
| | | | കയ്യിരിപ്പ് | 4701 | 81 |
| **ആകെ** | 24435404 | 89 | **ആകെ** | 24435404 | 89 |

# കുറി ബഡ്ജറ്റ് - 2015-2016

## വരവ്

| | ഇന വിവരം | 2015-16ലേക്ക് പ്രതീക്ഷിച്ചത് | 2015-16ലെ അസ്സൽ വരവ് | 2016-17ലേക്ക് പ്രതീക്ഷിക്കുന്നത് |
|---|---|---|---|---|
| 1. | കമ്മീഷൻ | 1300000.00 | 1374931.50 | 1300000.00 |
| 2. | പലിശ | 1300000.00 | 1788161.00 | 1800000.00 |
| 3. | സമാജം ചേർന്ന് നടത്തിയ കുറികളിൽ നിന്നുള്ള ആദായം | 200000.00 | 53352.00 | |
| 4. | വട്ടമെത്തിയ കുറികളിൽ നിന്നുള്ള ആദായം | 700000.00 | 434232.55 | 900000.00 |
| | **ആകെ** | **3500000.00** | **3650677.05** | **4000000.00** |

## ചിലവ്

| | | | | |
|---|---|---|---|---|
| 1. | പലിശ | 1500000.00 | 1722934.00 | 1700000.00 |
| 2. | ശമ്പളം, അലവൻസ് | 600000.00 | 500936.00 | 600000.00 |
| 3. | വാടക | 60000.00 | 60000.00 | 70000.00 |
| 4. | പ്രിന്റിംഗ്, സ്റ്റേഷ്നറി | 50000.00 | 37547.65 | 50000.00 |
| 5. | കറന്റ് ചാർജ്ജ് | 25000.00 | 9316.00 | 25000.00 |
| 6. | ടെലഫോൺ ചാർജ്ജ് | 20000.00 | 12777.00 | 20000.00 |
| 7. | ബാങ്ക് ചാർജ്ജ് | 5000.00 | 5489.75 | 10000.00 |
| 8. | പ്രൊഫഷൻ ടാക്സ് | 10000.00 | 5850.00 | 10000.00 |
| 9. | യാത്രാ ചിലവ് | 400000.00 | 387124.00 | 400000.00 |
| 10. | പോസ്റ്റേജ് | 20000.00 | 7148.50 | 20000.00 |
| 11. | പലവക | 10000.00 | 7995.00 | 20000.00 |
| 12. | കുറി, കമ്മിറ്റി ചിലവ് | 80000.00 | 77575.00 | 100000.00 |
| 13. | പരസ്യം | 50000.00 | 150000.00 | 200000.00 |
| 14. | സ്വീപ്പിംഗ് | 150000.00 | 204050.00 | 250000.00 |
| 15. | ലിറ്റിഗേഷൻ ചാർജ്ജ് | 10000.00 | 4450.00 | 10000.00 |
| 16. | സ്റ്റാഫ് സബ്സ്ക്രൈബേഴ്സ് വെൽഫയർ | 100000.00 | 87801.00 | 100000.00 |
| 17. | ബോണസ്സ് | 90000.00 | 73498.00 | 90000.00 |
| 18. | ഫെസ്റ്റിവൽ അലവൻസ് | 40000.00 | 31872.00 | 40000.00 |
| 19. | പ്രൊഫഷണൽ ചാർജ്ജ് | 25000.00 | 16170.00 | 25000.00 |
| 20. | സംഭാവന | 10000.00 | | 10000.00 |
| 21. | ലൈബ്രറി | 10000.00 | 4978.00 | 10000.00 |
| 22. | ഓഡിറ്റ് ഫീസ് | 25000.00 | 34900.00 | 35000.00 |
| 23. | പ്രോവിഡന്റ് ഫണ്ട് | 60000.00 | 44369.00 | 60000.00 |
| 24. | റിപ്പെയേഴ്സ് | 35000.00 | 27512.00 | 35000.00 |
| 25. | തേയ്മാനം | 75000.00 | 44987.60 | 50000.00 |
| 26. | നീക്കിയിരിപ്പ് | 40000.00 | 91396.55 | 60000.00 |
| | **ആകെ** | **3500000.00** | **3650677.05** | **4000000.00** |

# ക്ഷേത്രഭരണം ബഡ്ജറ്റ് 2016–2017

## വരവ്

| | ഇന വിവരം | 2015-16ലേക്ക് പ്രതീക്ഷിച്ചത് | 2015-16ലെ അസ്സൽ വരവ് | 2016-17ലേക്ക് പ്രതീക്ഷിക്കുന്നത് |
|---|---|---|---|---|
| 1. | ഹാളിൽ നിന്നും വരവ് | 2000000.00 | 1873000.00 | 2200000.00 |
| 2. | നടവരവ് | 300000.00 | 363845.00 | 300000.00 |
| 3. | ഭണ്ഡാരം വരവ് | 400000.00 | 416064.00 | 400000.00 |
| 4. | സംഭാവന | 200000.00 | 214913.00 | 200000.00 |
| 5. | വിവാഹ സംഭാവന | 40000.00 | 33063.00 | 50000.00 |
| 6. | പറമ്പാദായം | 25000.00 | 21403.00 | 30000.00 |
| 7. | വാടക | 70000.00 | 60000.00 | 70000.00 |
| 8. | പലിശ | 10000.00 | 5203.00 | 10000.00 |
| 9. | മെമ്പർഷിപ്പ് ഫീസ് | 1500.00 | 269.50 | 1500.00 |
| 10. | ഷഷ്ഠി | 700000.00 | 727380.00 | 800000.00 |
| 11. | പൂജ | 400000.00 | 585997.00 | 700000.00 |
| | **ആകെ** | **4146500.00** | **4301137.50** | **4761500.00** |

## ചിലവ്

| | | | | |
|---|---|---|---|---|
| 1. | ഹാൾ ചിലവ് | 300000.00 | 212515.00 | 300000.00 |
| 2. | പൂജ | 600000.00 | 604184.00 | 700000.00 |
| 3. | ഷഷ്ഠി | 1200000.00 | 1127765.00 | 1200000.00 |
| 4. | ജയന്തി, സമാധി | 160000.00 | 177481.00 | 200000.00 |
| 5. | പറമ്പു സംരക്ഷണം | 100000.00 | 65282.00 | 100000.00 |
| 6. | റിപ്പയറിംഗ്, മെയിന്റനൻസ് | 600000.00 | 780077.00 | 1200000.00 |
| 7. | പ്രിന്റിംഗ്, സ്റ്റേഷ്നറി | 10000.00 | 3680.00 | 10000.00 |
| 8. | നികുതി | 20000.00 | 13398.00 | 20000.00 |
| 9. | സ്വീകരണം | 25000.00 | 3784.00 | 25000.00 |
| 10. | പൊതുയോഗം | 60000.00 | 41535.00 | 60000.00 |
| 11. | തിരഞ്ഞെടുപ്പ് | 60000.00 | 6780.00 | ......... |
| 12. | പലവക | 15000.00 | 14720.00 | 20000.00 |
| 13. | ശ്മശാനം | 75000.00 | 43310.00 | 75000.00 |
| 14. | ചാരിറ്റി | 170000.00 | 140300.00 | 170000.00 |
| 15. | ലൈബ്രറി | 80000.00 | 69400.00 | 80000.00 |
| 16. | സ്പോർട്സ് | 20000.00 | 14731.00 | 20000.00 |
| 17. | ഇൻഷുറൻസ് | 20000.00 | 9860.00 | 20000.00 |
| 18. | വിദ്യാഭ്യാസ ചെലവുകൾ | 20000.00 | 8940.00 | 20000.00 |
| 19. | ലൈസൻസ് ഫീസ് | 10000.00 | 1500.00 | 10000.00 |
| 20. | അയ്യപ്പൻ വിളക്ക് | 10000.00 | – | – |
| 21. | വാൻ റണ്ണിംഗ് ചാർജ്ജ് | 160000.00 | 138258.00 | 200000.00 |
| 22. | തേയ്മാനം | 175000.00 | 158778.17 | 175000.00 |
| 23 | നീക്കിയിരിപ്പ് | 256500.00 | 664859.33 | 156500.00 |
| | **ആകെ** | **4146500.00** | **4301137.50** | **4761500.00** |

# ക്ഷേത്രഭരണം – സപ്ലിമെന്ററി ബഡ്ജറ്റ് 2015–16

| | ഇന വിവരം | 2015-16ലേക്ക് പ്രതീക്ഷിച്ചത് | 2015-16ലെ അസ്സൽ ചിലവ് | 2015-16ലെ കൂടുതൽ ചിലവ് |
|---|---|---|---|---|
| 1. | പൂജ | 600000.00 | 604184.00 | 4184.00 |
| 2. | ജയന്തി & സമാധി | 160000.00 | 177481.00 | 17481.00 |
| 3. | റിപ്പയറിംഗ് & മെയിന്റനൻസ് | 600000.00 | 780077.00 | 180077.00 |
| | **ആകെ** | **1360000.00** | **1561742.00** | **201742.00** |

# കുറി – സപ്ലിമെന്ററി ബഡ്ജറ്റ് 2015–16

| | ഇന വിവരം | 2015-16ലേക്ക് പ്രതീക്ഷിച്ചത് | 2015-16ലെ അസ്സൽ ചിലവ് | 2015-16ലെ കൂടുതൽ ചിലവ് |
|---|---|---|---|---|
| 1. | പലിശ | 1500000.00 | 1722934.00 | 222934.00 |
| 2. | ബാങ്ക് ചാർജ്ജ് | 5000.00 | 5489.75 | 489.75 |
| 3. | പരസ്യം | 50000.00 | 150000.00 | 100000.00 |
| 4. | സ്വീപ്പിംഗ് | 150000.00 | 204050.00 | 54050.00 |
| 5. | ഓഡിറ്റ് ഫീസ് | 25000.00 | 34900.00 | 9900.00 |
| | **ആകെ** | **1730000.00** | **2117373.75** | **387373.75** |